# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2345

## 07/2/2019 - ലെ മറുപടിയ്ക്ക്

## ട്രഷറി ഇടപാടുകൾ ഡിജിറ്റലാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | ട്രഷറി ഇടപാടുകൾ ഡിജിറ്റലാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ട് ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS- Integrated Financial Management system) ഏർപ്പെടുത്തിക്കഴിഞ്ഞു.<br><br>സർക്കാരിൽ നിന്നുള്ള എല്ലാ പേയ്മെന്റുകളും ഇലക്ട്രോണിക് ട്രാൻസാക്ഷൻ വഴിയാണ് ഇപ്പോൾ നടക്കുന്നത്. വരവുകളെ (Receipts) സംബന്ധിച്ച് കറൻസി രഹിത ഇടപാടുകൾ നടത്തുന്നതിനായി ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്/ ക്രെഡിറ്റ് കാർഡ്, യു.പി.ഐ(UPI) എന്നീ സൗകര്യങ്ങൾ ഉപയോഗിച്ചുള്ള പണമിടപാടുകൾ നിലവിൽ സാധ്യമാണ്. പരമാവധി ഇടപാടുകൾ കടലാസു രഹിതമാക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. കടലാസു രഹിതമാകുമ്പോൾ പാലിക്കേണ്ട നടപടികളെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലുമായി ചർച്ച നടത്തുകയും ആയതിനനുസരിച്ചുള്ള മാറ്റങ്ങൾ സോഫ്റ്റ് വെയറിൽ വരുത്തിയിട്ടുമുണ്ട്. അടുത്ത ധനകാര്യ വർഷം മുതൽ ട്രഷറികൾ പൂർണ്ണമായും കടലാസുരഹിത സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ കൈകൊണ്ടു വരുന്നു. |
| (ബി) | ട്രഷറി ഇടപാടുകൾ എന്ന് മുതൽ പൂർണമായും ഡിജിറ്റലായി മാറുമെന്ന് അറിയിക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ